**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4731.** **26.10.2016 ന് മറുപടിയ്ക്ക്**

**കേരള ലഹരി വർജ്ജന മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.റ്റി.വി.രാജേഷ് : | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | മദ്യം, മയക്കുമരുന്ന്, പുകയില എന്നിവയ്ക്കെതിരെയുള്ള ബോധവത്ക്കരണത്തിന് 'വിമുക്തി' എന്ന പേരിൽ കേരള ലഹരി വർജ്ജന മിഷൻ രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (എ) | കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ, **"വിമുക്തി"** ജി.ഒ.(എം.എസ്)94/2016/റ്റി.ഡി 06/10/2016 തീയതിയിലെ സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുണ്ട്.<br>യുവജനങ്ങളും വിദ്യാർത്ഥികളും ഉൾപ്പെടെയുള്ളവരിൽ ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ ബോധ്യപ്പെടുത്തി വ്യാപകമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക എന്നുള്ളതാണ് കേരള സംസ്ഥാന ലഹരിവർജ്ജന മിഷന്റെ പരമപ്രധാനമായ ലക്ഷ്യം. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ-കോളേജ് ലഹരിവിരുദ്ധ ക്ലബ്ബുകൾ, എൻ.എസ്.എസ്, കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി - യുവജന - മഹിളാ സംഘടനകൾ എന്നിവരുടെ പങ്കാളിത്തത്തോടുകൂടി ലഹരിവിമുക്ത കേരളം കെട്ടിപ്പടുക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. ബഹു: മുഖ്യമന്ത്രി ചെയർമാനായ മിഷന്റെ ഗവേണിംഗ് ബോഡിയിൽ ബഹു: എക്സൈസ് വകുപ്പ് മന്ത്രി വൈസ് |

| | | | |
|---|---|---|---|
| | | | ചെയർമാനും, നികുതി വകുപ്പ് സെക്രട്ടറി കൺവീനറുമാണ്. ബഹു. എക്സൈസ് വകുപ്പ് മന്ത്രി ചെയർമാനായും എക്സൈസ് കമ്മീഷണർ കൺവീനറായും ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയും, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും ജില്ലാ കളക്ടർ കൺവീനറായും ജില്ലാതല എക്സിക്യൂട്ടീവ് കമ്മിറ്റിയും മിഷന് ഉണ്ടായിരിക്കും. തദ്ദേശ സ്വയംഭരണ സ്ഥാപനതലം, വാർഡ്തലം, ഭരണതലം - സ്റ്റേറ്റ് ഭരണതലം-ജില്ലാതലം എന്നീ ഘടനകൾ കൂടി ഉണ്ടായിരിക്കുന്ന തുമാണ്.<br>ലഹരി വർജ്ജന മിഷന്റെ മാർഗ്ഗരേഖ പ്രകാരമുള്ള പ്രവർത്തനങ്ങൾ, ഓഫീസ് സംവിധാനം ആരംഭിക്കൽ, മറ്റ് ഭരണതല ചെലവുകൾ എന്നിവ കേരള സ്റ്റേറ്റ് ബീവറേജസ് കോർപ്പറേഷനിലൂടെ വിൽപ്പന നടത്തുന്ന മദ്യത്തിന്മേൽ ഏർപ്പെടുത്തിയ 5% പുനരധിവാസ സെസ് ഇനത്തിൽ സമാഹരി യ്ക്കുന്ന തുകയിൽ നിന്നും കണ്ടെത്തുന്നതാണ്. വിമുക്തിയുടെ സംസ്ഥാനതല ഉദ്ഘാടനം 2016 നവംബർ മാസത്തിൽ നടത്തുവാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ